(ബി) എല്ലാ സഹകരണ ബാങ്കുകളിലും നിർബന്ധമായും കളക്ഷൻ ഏജന്റുമാർക്ക് ക്ഷേമനിധി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

സഹകരണസ്ഥാപനങ്ങളിലെ ലാഭം സാമൂഹ്യകാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ നടപടി

170 [769] ശ്രീ. കെ. ബാബു :

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. കെ. മുഹമ്മദാലി :

,, പി. ടി. തോമസ് :

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾ, സഹകരണബാങ്കുകൾ എന്നിവയ്ക്ക് കിട്ടുന്ന ലാഭം എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് ;

(ബി) പ്രസ്തുത ലാഭത്തുക സാമൂഹ്യകാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ സഹകരണസ്ഥാപനങ്ങൾ മുന്നോട്ടുവരാറുണ്ടോ ;

(സി) എങ്കിൽ എത്ര സഹകരണസ്ഥാപനങ്ങൾ ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്നു ;

(ഡി) സഹകരണസ്ഥാപനങ്ങളുടെ ലാഭത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക സാമൂഹ്യക്ഷേമകാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുവാൻ വേണ്ട നടപടി എടുക്കുമോ?

ഉത്തരം

(എ) സഹകരണ നിയമം വകുപ്പ് 56 (1) പ്രകാരം ഒരു സഹകരണ സംഘത്തിന്റെ അറ്റാദായം താഴെ പറയും പ്രകാരം വിനിയോഗിക്കുന്നു.

(1) അറ്റാദായത്തിന്റെ 15% ൽ കുറയാതെയുള്ള തുക കരുതൽ ധനത്തിലേക്ക് വക മാറ്റുന്നതിന്.

(2) 5% ൽ കവിയാതെയുള്ള തുക സഹകരണ വിദ്യാഭ്യാസ ഫണ്ടിലേക്ക് വക മാറ്റുന്നതിന്.

LIBRARY ARCHIVES Kerala Legislative Assembly

(3) ജില്ലാ ബാങ്കുകൾ ഉൾപ്പെടെയുള്ള കേന്ദ്ര സംഘങ്ങളുടെ കാര്യത്തിൽ അടച്ചുതീർത്ത ഓഹരി മൂലധനത്തിന്മേൽ അംഗങ്ങൾക്ക് 20% ൽ കവിയാതെ ലാഭവിഹിതം നൽകുന്നതിന് ബാക്കിയുള്ള തുക വകുപ്പ് 56 (2) പ്രകാരം താഴെ പറയുന്ന ഏതെങ്കിലുമോ എല്ലാ ആവശ്യങ്ങൾക്കുമോ ചെലവാക്കാവുന്നതാണ്.

(i) ബൈലായിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അംഗങ്ങൾ സംഘവുമായി നടത്തിയ വ്യാപാരത്തിനു അനുസൃതമായി ബോണസ് നൽകുന്നതിന്.

(ii) ബൈലായിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള പ്രത്യേക ഫണ്ടുകൾ രൂപീകരിക്കാനോ പ്രസ്തുത ഫണ്ടുകളിലേക്ക് സംഭാവന നൽകുന്നതിനോ.

(iii) 1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ടിലെ 2-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള ധർമ്മപരമായ ആവശ്യങ്ങൾക്കായി അറ്റാദായത്തിന്റെ 10%-ൽ കൂടാതെയുള്ള തുക സംഭാവന നൽകുന്നതിന്.

(iv) 1965-ലെ പെയ്മെന്റ് ഓഫ് ബോണസ് ആക്ട് അഥവാ സംഘം ബൈലായിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംഘത്തിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതിന്.

(ബി) സഹകരണ നിയമത്തിനും ചട്ടത്തിനും ബൈലാ വ്യവസ്ഥകൾക്കും പൊതുയോഗ തീരുമാനത്തിനും വിധേയമായി സാമൂഹ്യകാര്യങ്ങൾക്കായി 1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ടിലെ 2-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള കാര്യങ്ങൾക്കായി ലാഭവിഹിതത്തിൽ നിന്നുള്ള തുക വിനിയോഗിക്കാറുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും സാമൂഹ്യ ലക്ഷ്യം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്.

(ഡി) നിയമത്തിലെ വകുപ്പ് 56 (2) (ഡി) പ്രകാരം അറ്റാദായത്തിന്റെ 10% ൽ അധികരിക്കാത്ത തുക ധർമ്മപരമായ ആവശ്യങ്ങൾക്കായി സംഭാവനകൾ നൽകുന്നതിന് ഇപ്പോൾതന്നെ നിയമവ്യവസ്ഥയുണ്ട്.

സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകാൻ നടപടി

171 [770] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പലിശ കുറഞ്ഞിട്ടും ബാങ്കുകളിലെ മറ്റു ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ കുറവുവരുത്താതെ ഡിപ്പോസിറ്റ് കളക്ഷൻ ഏജന്റുമാരുടെ കമ്മിഷൻ വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നിലവിലുള്ള കമ്മിഷൻ നിലനിർത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കാസർഗോഡ് ജില്ലയിലെ പല സഹകരണ ബാങ്കുകളും കളക്ഷൻ ഏജന്റുമാർക്ക് ഓണത്തിന് ഫെസ്റ്റിവൽ അലവൻസ് നൽകിയത് ഓഡിറ്റ് ഒബ്ജക്ട് ചെയ്തിരിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly